ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കാർഡ് വിതരണം

14(*44) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇരുപത്തയ്യായിരത്തോളം ആദിവാസി കുടുംബങ്ങൾക്ക് റേഷൻ കാർഡില്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ വസ്തുതാ പരിശോധന നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് റേഷൻ കാർഡ് അധിഷ്ഠിത ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുമോ ;

(ഡി) ആദിവാസി വിഭാഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് വിതരണം ചെയ്യാൻ പൊതുവിതരണ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. ആകെയുള്ള 107965 കുടുംബങ്ങളിൽ 82970 കുടുംബങ്ങൾക്ക് റേഷൻ കാർഡ് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ, ഈ സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 2800 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കൂടി റേഷൻ കാർഡ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള കുടുംബങ്ങൾക്ക് പൊതുവിതരണ വകുപ്പുമായി ചേർന്ന് റേഷൻ കാർഡുകൾ നൽകിവരുന്നു. നേരത്തേ കൂട്ടു കുടുംബമായി താമസിച്ചവർ വേർപിരിഞ്ഞ് വേറെ വീട് വച്ച് താമസിച്ചിട്ട് മുൻ റേഷൻ കാർഡിൽ നിന്ന് പേര് മാറ്റി പുതിയ റേഷൻ കാർഡ് എടുക്കുവാൻ സന്നദ്ധരാകാത്ത കുടുംബങ്ങൾ ഇപ്പോഴും ഉണ്ട്. സംസ്ഥാനത്ത് ആകെയുള്ള പട്ടികവർഗ്ഗ കുടുംബങ്ങളിൽ 79.44 ശതമാനം പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിൽ റേഷൻ കാർഡ് ഉള്ളവരാണ്. പട്ടികവർഗ്ഗ കുടുംബങ്ങളുടെ റേഷൻ കാർഡ് സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ചും ടി കുടുംബങ്ങളുടെ സമുദായം തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർക്കുന്നു.* പട്ടികവർഗ്ഗ കുടുംബങ്ങളിൽ 55392 (51.31%) കുടുംബങ്ങൾ ബി.പി.എൽ. കാർഡ് ലഭ്യമായവരാണ്. ബി.പി.എൽ. കാർഡ് ലഭിച്ച പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങളും സമുദായം തിരിച്ചുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് വകുപ്പിന്റെ എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നു.

(സി) ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡില്ലാത്ത എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് വിതരണം ചെയ്യുന്നതിന് വകുപ്പ് പൊതുവിതരണ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ

15(*45) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 2011 ഓഗസ്റ്റ് മാസത്തിൽ കൊച്ചി മെട്രോ റെയിൽ പ്രോജക്ട് നടപ്പിലാക്കാൻ വേണ്ടി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചു. 2012 ജൂലൈ മാസം ഈ പദ്ധതിക്ക് ഭാരത സർക്കാരിന്റെ നഗരവികസന മന്ത്രാലയം അനുമതി നൽകി. 2013 ജൂണിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കമായി. 5181.79 കോടി രൂപയാണ് ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും (KMRL) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനും (DMRC) തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം മെട്രോയുടെ മുഴുവൻ ടെണ്ടർ, നിർമ്മാണം, മേൽനോട്ടം തുടങ്ങിയവ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ആണ് നടത്തിവരുന്നത്. കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നും, ഫ്രഞ്ച് ധനകാര്യ ഏജൻസിയായ ഏജൻസ് ഫ്രാൻസെസ് ഡി ഡവലപ്മെന്റ് (AFD), കാനറ ബാങ്ക്, എറണാകുളം ജില്ലാ സഹകരണ ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പ

LIBRARY ARCHIVES Kerala Legislative Assembly